കേരള സർക്കാർ

സംഗ്രഹം

വനം വകുപ്പ് - വനോല്പന്നങ്ങളുപയോഗിച്ചുള്ള വ്യവസായങ്ങളുടെ മേൽ നിയന്ത്രണങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - -

വനം , വന്യജീവി (ഡി) വകുപ്പ്

സ.ഉ. (പി) നം.44/92/വനം. തീയതി: 11.11.'92.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം: ഡി.സി.എഫ്. (സംരക്ഷണം)ന്റെ 19.8.92-ലെ ടി7-14873/92-നമ്പർ കത്ത്.

. . . . . .

<u>ഉ ത്ത ര വ്</u>

കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വനോല്പന്നങ്ങളെ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചു കൊണ്ടുള്ള വ്യവസായ സ്ഥാപനങ്ങൾ വളർന്നു വരുന്നത് ചിലപ്പോൾ വനസംരക്ഷണത്തെ ദോഷകരമായി ബാധിക്കുന്നതായി കാണുന്നു. അതിനാൽ ഇത്തരം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

2. വനത്തിന്റെ അതിർത്തിയിൽ നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിനുള്ളിൽ വന വിഭവങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന ഏതു വ്യവസായ സ്ഥാപനവും (തൈലം വാറ്റുന്ന കേന്ദ്രങ്ങൾ , ഈർച്ച മില്ല്, ഫർണിച്ചർ മാർട്ട് തുടങ്ങിയവ) ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ വ്യക്തമായ സമ്മത പത്രം ~~xxxxxx~~ വാങ്ങിച്ചിരിക്കേണ്ടതാണെന്നും ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ ~~xxxxxx~~ സമ്മത പത്രം ഇല്ലാതെ വനാതിർത്തിയിൽ നിന്നും അഞ്ച് കിലോ മീറ്റർ ചുറ്റളവിനുള്ളിൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോ, തദ്ദേശ ഭരണ സ്ഥാപനങ്ങളോ അനുമതി നൽകാൻ പാടില്ല എന്നും ഉത്തരവാകുന്നു.

3. കേരള സംസ്ഥാനത്തിനകത്ത് എവിടെയാണെങ്കിലും വനോല്പന്നങ്ങളെ അസംസ്കൃത പദാർത്ഥങ്ങളായി ഉപയോഗിക്കുന്ന ഫാക്ടറികളോ മറ്റ് വ്യവസായ സ്ഥാപനങ്ങളോ ആരംഭിക്കുവാൻ അനുവദിക്കുന്നതിനു മുൻപായി ബന്ധപ്പെട്ട സർക്കാർ വകുപ്പോ തദ്ദേശ ഭരണ സ്ഥാപനമോ അതാത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുമായി കാര്യം ചർച്ച ചെയ്യേണ്ടതും

....2.

Office of the Conservator of Forests Central Circle
Date..........................
THRISSUR



ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അഭിപ്രായം പരിഗണിച്ചതിനുശേഷം മാത്രം അന്തിമ തീരുമാനം എടുക്കേണ്ടതും ആണെന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ആർ. രാമചന്ദ്രൻ നായർ,
കമ്മീഷണർ ആന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം).
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം).

xx xx xx xx

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ.

(ശരിപ്പകർപ്പ്)

<u>മേലെഴുത്ത് നം. സി7-14873/92</u>.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ
ആഫീസ്, തിരുവനന്തപുരം
തീയതി: 4.12.'92.

പകർപ്പ് എല്ലാ കൺസർവേറ്റർമാർക്കും, ഫീൽഡ് ഡയറക്ടർക്കും, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും, വൈൽഡ് ലൈഫ് പ്രിസർവേഷൻ ഓഫീസർമാർക്കും അയയ്ക്കുന്നു.
പകർപ്പ് എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ പി.എ./സി.എ. മാർക്കും അയയ്ക്കുന്നു.
പകർപ്പ് എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും / സ്റ്റോക്ക് ഫയലിലേയ്ക്കും.

[signature]

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കു വേണ്ടി.

ആർ.10.12.